പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധന സമിതി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ E-179035/Pen A5/31/FIN എന്ന ഫയലിൽ വിശദമായി പരിശോധിച്ചുവരികയാണ്.

(ഡി) സമിതിയെ നിയമിച്ചതെന്നാണെന്നും എത്ര കാലംകൊണ്ടാണ് സമിതി നിയുക്ത പ്രവർത്തനം പൂർത്തിയാക്കിയതെന്നും സമിതിയുടെ പ്രവർത്തന പൂർത്തീകരണത്തിന് കാലതാമസമുണ്ടായോയെന്നും വിശദമാക്കുമോ?

സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി സർക്കാർ 7-11-2018-ലെ സ.ഉ (അ) നമ്പർ 172/2018/ധന. ഉത്തരവ് പ്രകാരം* ശ്രീ. എസ്. സതീഷ്ചന്ദ്രബാബു, ജില്ലാ ജഡ്ജി (റിട്ട.) ചെയർമാനും, ശ്രീ. പി. മാരപാണ്ഡ്യൻ ഐ.എ.എസ് (റിട്ട), പ്രൊഫ. ഡി. നാരായണ, ഡയറക്ടർ, ജി.ഐ.എഫ്.റ്റി എന്നിവർ അംഗങ്ങളുമായി പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധന സമിതിയെ നിയമിച്ചിരുന്നു. 6-5-2019-ലെ സ.ഉ (അ) നമ്പർ 56/2019/ധന., 1-11-2019-ലെ സ.ഉ (അ) നമ്പർ 147/2019/ധന., 16-4-2020-ലെ സ.ഉ (അ) നമ്പർ 2790/2020/ധന., 21-10-2020-ലെ സ.ഉ (സാധാ) നമ്പർ 6065/2020/ധന. എന്നീ ഉത്തരവുകൾ* പ്രകാരം സമിതിയുടെ പ്രവർത്തനം 30-4-2021 വരെ ദീർഘിപ്പിച്ചുനൽകുകയും 30-4-2021 തീയതിയിൽ സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

(ഇ) സമിതിയുടെ ശിപാർശകൾ പ്രാവർത്തികമാക്കുന്നതിൽ സർക്കാർ കാലവിളംബം വരുത്തുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് എപ്രകാരം പരിഹരിക്കപ്പെടുമെന്നും സമിതി നിർദ്ദേശങ്ങളും ശിപാർശകളും അടിയന്തരമായി നടപ്പിലാക്കുമോ എന്നും വ്യക്തമാക്കുമോ?

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചുവരുന്നു.

ടൈപ്പിസ്റ്റ് തസ്തികയുടെ പുനർവിന്യാസം

47(5202) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ധനകാര്യ വകുപ്പിന്റെ 5-11-2020-ലെ ജി.ഒ.(പി)152/2020/ധന പ്രകാരം പുറത്തിറങ്ങിയ ടൈപ്പിസ്റ്റ് തസ്തികയുടെ പുനർവിന്യാസം സംബന്ധിച്ച ഉത്തരവ് മരവിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ടൈപ്പിസ്റ്റ് തസ്തികയുടെ പുനർവിന്യാസം സംബന്ധിച്ച 5-11-2020-ലെ സ.ഉ. (അ) 152/2020/ധന.-യിലെ നിർദ്ദേശം നിലവിൽ മരവിപ്പിച്ചിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly